**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1095** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാലാ ബൈപാസ് റോഡ് സ്ഥലം ഏറ്റെടുക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പാലാ ബൈപാസ് റോഡ്, ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ.സാജൻ ഗീതാഞ്ജലി എന്നയാളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ടി റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സമയബന്ധിതമായി ഏറ്റെടുത്ത് പാലാ ബൈപാസ് റോഡ് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പാലാ നിയോജക മണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ.സാജൻ, ഗീതാഞ്ജലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിശദവില നിർണ്ണയ പത്രിക (DVS) 29.07.2022 ൽ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനുശേഷം ബാക്കി നിൽക്കുന്ന 4.43 ആർ വസ്തു കൂടി ഏറ്റെടുക്കണമെന്ന് കക്ഷി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും(BVR), വിശദ വിലനിർണ്ണയ പത്രികയും(DVS) 03.05.2023-ൽ അംഗീകരിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ ശ്രീ.സാജൻ WP(C) 42088/22 നമ്പരായി ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 09-08-2023 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും 22-01-2024 ലെ G.O.(Rt)No.321/2024/RD പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ ടിയാൻ WP(C) 12604/24 ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുകയും, ടി റിട്ട് പെറ്റീഷന്റെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം ശ്രീ.സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 29.01.2026 തീയതി നേരിൽ കേൾക്കുകയുമുണ്ടായി. തുടർന്ന് വിധിന്യായം പാലിച്ചുകൊണ്ട് 14-03-2026 ലെ G.O.(Rt)No.672/2026/RD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ, റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി റോഡിലെ അപകടകരമായ വളവ് ഒഴിവാക്കാൻ ഹർജിക്കാരന്റെ മുഴുവൻ വസ്തുവും (9.90 ആർസ്) ഏറ്റെടുക്കാനും നഷ്ടപരിഹാരം നൽകുന്നതിനായി ആവശ്യമായ ഫണ്ട് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് (LAO) ലഭ്യമാക്കാനും പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നഷ്ടപരിഹാരം കണക്കാക്കുന്നതിനായി പരിഗണിക്കുന്ന ആധാരങ്ങളുടെ എണ്ണം നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം എന്നും പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫണ്ട് ലഭിച്ചയുടൻ തന്നെ അവാർഡ് പാസാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ WP(C) 19056/26 നമ്പരായി കക്ഷി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിന്റെ അടുത്ത വിചാരണ 10-07-2026 തീയതിയിൽ നിശ്ചയിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**